LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിൽനിന്നും ചികിത്സാ ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ

190 [1611] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കളക്ടറേറ്റിൽ മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും, എത്രപേർക്ക് എത്ര രൂപ ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വസ നിധിയിൽനിന്നും ധനസഹായത്തിനായി 2002 മുതൽ ലഭിച്ചിട്ടുള്ള എത്ര അപേക്ഷകളിൽ തീരുമാനമെടുക്കാൻ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കമോ ?

ഉത്തരം

(എ) 463 അപേക്ഷകൾ ലഭിച്ചു. ഇവർക്ക് 10 68 750 രൂപാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് വകമാറ്റി ചെലവ് ചെയ്ത തുക

191 [1613] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരന്തത്തിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ ഇതുവരെ ലഭിച്ച സംഭാവനയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ദുരിതാശ്വാസ പ്രവർത്തനത്തിനായി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ചു പറയാമോ ;

(സി) സുനാമി ദുരിതാശ്വാസഫണ്ടിലെ തുക മറ്റേതെങ്കിലും ദുരിതാശ്വാസ പ്രവർത്തനത്തിന് ചെലവഴിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ ;

(ഡി) സുനാമി ദുരിതാശ്വാസഫണ്ട് മറ്റൊരിനങ്ങളിലും വകമാറ്റി ചെലവഴിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ പറയാമോ ?

ഉത്തരം

(എ) സുനാമി ദുരന്തത്തിനുശേഷം മുഖ്യമന്ത്രിയുടെ ദുരുതാശ്വാസനിധിയിലേക്ക് 23,16,35 694 രൂപ 23-2-2005 വരെ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(ബി) വിശദമായ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) ആന്റ് (ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ സുനാമിയുമായി ബന്ധപ്പെട്ട് ലഭിച്ച തുക മറ്റാവശ്യങ്ങൾക്ക് വിനിയോഗിച്ചിട്ടില്ല.

കടലിൽ മുങ്ങിമരിച്ചവരുടെ രക്ഷകർത്താക്കൾക്കുള്ള ധനസഹായം

192 [1615] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 ഡിസംബർ 25-ന് കടലിൽ കുളിക്കാനിറങ്ങിയ നിർദ്ധനകുടുംബത്തിൽപ്പെട്ട മൂന്നു കുട്ടികൾ ഇരവിപുരം, കാക്കത്തോപ്പ് കടൽതീരത്ത് മുങ്ങിമരിച്ച സംഭവത്തിൽ ഇവരുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിൽനിന്നും ധനസഹായം നൽകാൻ നടപടി കൈക്കൊള്ളുമോ ;

(ബി) ഇവരുടെ രക്ഷകർത്താക്കൾ ധനസഹായത്തിന് സമർപ്പിച്ച അപേക്ഷകൾ കൊല്ലം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതിന്മേൽ ജില്ലാ കളക്ടർ വഴി ധനസഹായം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2004 ഡിസംബർ 25-ന് ഇരവിപുരത്ത് കടലിൽ കുളിക്കാനിറങ്ങിയപ്പോൾ മരണപ്പെട്ട മൂന്ന് പേരിൽ അപേക്ഷ ലഭിച്ച രണ്ടുപേരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് വാളത്തുങ്കൽ തുണ്ടിൽ കിഴക്കതിൽ ശ്രീ. മജീദ്, പെരിനാട് വള്ളകുളത്ത് മേലതിൽ ശ്രീമതി നദീറ എന്നിവരിൽനിന്നും ലഭിച്ച അപേക്ഷകൾ മരണപ്പെട്ടവരുടെ അവകാശികളെ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് ബന്ധപ്പെട്ട വില്ലേജ് ആഫീസർക്ക് അയച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ പദ്ധതി

193 [1629] ശ്രീ. ബിനോയ് വിശ്വം :

,, പി. നാരായണൻ :

,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും നൽകുന്ന ചികിത്സാ സഹായ പദ്ധതി ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly